പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1133. 06.06.2018 -ലെ മറുപടിക്ക്.

## അടൽ പെൻഷൻ യോജന

ചോദ്യം | മറുപടി

**ശ്രീ.പി.സി. ജോർജ്**

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകളിൽ എത്ര വിധം പെൻഷൻ പദ്ധതികൾ നിലവിലുണ്ട്; ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ മിക്കവാറും ക്ഷേമനിധി ബോർഡുകളിൽ സൂപ്പറാന്വേഷൻ പെൻഷൻ, അവശതാ പെൻഷൻ, കുടുംബ പെൻഷൻ എന്നിങ്ങനെ 3 വിധം പെൻഷനുകൾ നിലവിലുണ്ട്.<br>(1) സൂപ്പറാന്വേഷൻ പെൻഷൻ:- പദ്ധതി പ്രാബല്യത്തിൽ വന്നതിനുശേഷം തുടർച്ചയായി 5 വർഷത്തിൽ കുറയാത്ത കാലം ക്ഷേമ നിധിയിൽ അംശദായം അടച്ച വരുന്ന ഒരംഗത്തിന് അറുപത് വയസ് പൂർത്തിയായതിനുശേഷം സൂപ്പറാന്വേഷൻ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.<br>(2) അവശതാ പെൻഷൻ:- (എല്ലാ ബോർഡുകളിലും നിലവിലില്ല) അംശദായം അടച്ചിട്ടുള്ളതും രോഗംമൂലമോ അപകടം മൂലമോ സ്ഥിരമായ ശാരീരിക അവശത സംഭവിച്ച് തുടർന്ന് ജോലി ചെയ്യാൻ കഴിയാതെ വരുന്ന ഒരംഗത്തിന് അതു വരെ അംശദായം അടച്ച് അംഗത്വം നിലനിർത്തുന്നപക്ഷം, പ്രതിമാസ അവശതാ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.<br>(3) കുടുംബ പെൻഷൻ :- (എല്ലാ ബോർഡുകളിലും നിലവിലില്ല) പെൻഷൻ വാങ്ങി വരുന്ന കാലയളവിൽ പെൻഷണർ മരിക്കുകയാണെങ്കിൽ അയാളുടെ ഭാര്യ |

| | | | |
|---|---|---|---|
| | | | /ഭർത്താവിന് കുടുംബ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. |
| (ബി) | അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി അടൽ പെൻഷൻ യോജന നടപ്പിലാക്കുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) & (സി) | കത്ത് ലഭിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | അടൽ പെൻഷൻ യോജന നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നോ പെൻഷൻ ഫണ്ട് റഗുലേറ്ററി ആന്റ് ഡവലപ്പ്മെന്റ് അതോറിറ്റി (പി.എഫ്.ആർ.ഡി.എ.) യിൽ നിന്നോ ഔദ്യോഗിക കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ